# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

31/10/2016-ന് മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ.5207

## സ്വകാര്യ മാധ്യമങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന സർക്കാർ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ

**ചോദ്യം**

ശ്രീ.റോഷി അഗസ്റ്റിൻ
ശ്രീ.മോൻസ് ജോസഫ്
ശ്രീ.സി.എഫ്.തോമസ്
ഡോ.എൻ.ജയരാജ്

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്ക് സ്വകാര്യ ടെലിവിഷൻ ചാനലുകളിലും സ്വകാര്യ എഫ്.എം. റേഡിയോയിലും പ്രവർത്തിക്കുന്നതിനും മാസികകളിൽ എഴുതുന്നതിനും സീരിയലുകൾ, ഡോക്യുമെന്ററികൾ എന്നിവയിൽ അഭിനയം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും സർക്കാർ നയത്തിന് വിരുദ്ധമാകാതെയും ജോലിക്കും ജോലി സമയത്തിനും തടസ്സമുണ്ടാകാതെയും സാമ്പത്തിക ആനുകൂല്യങ്ങൾ കൈപ്പറ്റിയും അല്ലാതെയും ഏർപ്പെടുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാർ ജീവനക്കാർക്ക് സ്വകാര്യ ടെലിവിഷൻ ചാനലുകളിലും സ്വകാര്യ എഫ്.എം. റേഡിയോയിലും പ്രവർത്തിക്കുന്നതിനും സീരിയലുകൾ, ഡോക്യുമെന്ററികൾ എന്നിവയിൽ അഭിനയം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിൽ നിലവിൽ വ്യവസ്ഥയില്ല. എന്നാൽ ഒരു സർക്കാർ ജീവനക്കാരന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് വിഘാതമാകാത്ത വിധത്തിൽ പ്രതിഫലം കൂടാതെ സാമൂഹിക-ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി കല-സാഹിത്യ-ശാസ്ത്ര മേഖലയിൽ വല്ലപ്പോഴും പ്രവർത്തിക്കുന്നതിന് സർക്കാർ അനുമതി നൽകാറുണ്ട്. |
| (ബി) | ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സമർപ്പിക്കുന്ന അപേക്ഷകൾ പ്രത്യേക കേസായി പരിഗണിച്ച് അനുമതി നൽകാറുണ്ടോ; വ്യക്തമാക്കുമോ; | (ബി) യും (സി) യും | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | എങ്കിൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടുള്ളതും അങ്ങനെയുള്ള പ്രവർത്തനങ്ങളിൽ നിലവിൽ ഏർപ്പെടുന്നവരുമായ ഉദ്യോഗസ്ഥരുടെ പേരു വിവരവും ഏതൊക്കെ മേഖലയിൽ പ്രവർത്തിക്കുന്നുവെന്നും വെളിപ്പെടുത്തുമോ ? | | |

സെക്ഷൻ ഓഫീസർ